പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 161

11.02.2020 ൽ
മറുപടിക്ക്

## പോലീസ് ആധുനികീകരണത്തിനുള്ള നൂതന സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. പി.കെ. ശശി<br>ശ്രീ. സി.കെ. ഹരീന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് ആധുനികീകരണത്തിന്റെ ഭാഗമായി രാജ്യത്ത് ആദ്യമായി ആരംഭിച്ച നൂതന സംവിധാനങ്ങളായ സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം, ഇന്റഗ്രേറ്റഡ് ട്രാഫിക് സംവിധാനം എന്നിവയെക്കുറിച്ച് അറിയിക്കാമോ; | എ) 07.01.2019 തീയതിയിലെ സർക്കാർ ഉത്തരവ് പ്രകാരമാണ് (സ.ഉ. (കൈ) നം. 3/2019/ആഭ്യന്തരം) സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റം (CIMS) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയത്. ഈ ഉത്തരവ് അനുസരിച്ച് CIMS പദ്ധതിയുടെ കൺട്രോൾ റൂമിനു വേണ്ട സ്ഥല സൗകര്യങ്ങൾ പോലീസ് വകുപ്പ് നൽകുന്നതാണ്. സർക്കാരിനോ പോലീസ് വകുപ്പിനോ യാതൊരു വിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത തരത്തിൽ കെൽട്രോൺ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ പരിശീലനം പോലീസ് സേനാംഗങ്ങൾക്ക് കെൽട്രോൺ നൽകുന്നതാണ്.<br>ഇന്റഗ്രേറ്റഡ് ട്രാഫിക് എന്ന പേരിൽ ഒരു സംവിധാനം സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല. എന്നാൽ Integrated Digital Traffic Enforcement System എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാങ്കേതികവിദ്യയുടെ സഹായത്തോടെ റോഡപകടങ്ങൾ തടയുന്നതിനുള്ള |

| | |
|---|---|
| | മുൻകരുതൽ സ്വീകരിക്കുകയെന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം. സംസ്ഥാനത്തെ പ്രധാന റോഡുകളിലെ അപകട സാധ്യത കൂടിയ ഇടങ്ങളിലും, മറ്റ് തിരക്കേറിയ ഭാഗങ്ങളിലും റോഡ് നിയമങ്ങൾ ലംഘിക്കുന്നവരെ Surveillance Camera, സ്പീഡ് റഡാർ തുടങ്ങിയ ഡിജിറ്റൽ Surveillance ഉപകരണങ്ങളുടെ സഹായത്തോടെ കണ്ടെത്തുന്നതിനും പിഴ ചുമത്തുന്നതിനും കുറ്റക്കാർക്ക് പിഴ ഓൺലൈനായി അടക്കുന്നതിനുമുള്ള സംവിധാനം ഇതിലുണ്ട്. ഈ പദ്ധതിയുടെ ടെൻഡർ ക്ഷണിക്കുകയും, ടെൻഡറിനോടനുബന്ധിച്ചുള്ള സാങ്കേതിക പരിശോധനാ (Technical Evaluation) നടപടി പുരോഗമിച്ചു വരികയാണ്. |
| ബി) ദുബായ് മാതൃകയിൽ അത്യാധുനിക സ്മാർട്ട് പോലീസ് ആപ്ലിക്കേഷനും സ്മാർട്ട് പോലീസ് സ്റ്റേഷനും പ്രാവർത്തികമാക്കാൻ പരിപാടിയുണ്ടോ; നിലവിൽ ഏത് പോലിസ് സ്റ്റേഷനിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനും ഓൺലൈനായി പരാതി രജിസ്റ്റർ ചെയ്യാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) ദുബായ് മാതൃകയിൽ അത്യാധുനിക സ്മാർട്ട് പോലീസ് ആപ്ലിക്കേഷനും സ്മാർട്ട് പോലീസ് സ്റ്റേഷനും ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.<br>പ്രാദേശിക അധികാരപരിധി പരിഗണിക്കാതെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുവാനുള്ള നിർദ്ദേശം ( ഇത് Zero FIR എന്ന പേരിൽ അറിയപ്പെടുന്നു) അടുത്തകാലത്തായി പുറപ്പെടുവിച്ചിട്ടുണ്ട്.<br>കേരള പോലീസിന്റെ Online Portal ആയ 'THUNA' മുഖേന പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കുവാൻ കഴിയുന്നതാണ്. |
| സി) സൈബർ ഡോം നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; പദ്ധതിക്ക് ദേശീയ അവാർഡ് ലഭിച്ചിരുന്നോ എന്ന് അറിയിക്കുമോ? | സി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും വേണ്ടി ഏഷ്യയിൽത്തന്നെ ആദ്യമായി പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ നൂതന സംരംഭമാണ് കേരളാ പോലീസ് സൈബർ ഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻകൂട്ടി മനസ്സിലാക്കി അവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, |

സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട അവബോധം നൽകുക, കൂടാതെ വിവിധ സർക്കാർ വകുപ്പുകൾ, സൈബർ സുരക്ഷയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ ഓർഗനൈസേഷൻസ്, വിവിധ രാജ്യങ്ങളിലെ സൈബർ സെക്യൂരിറ്റി ഏജൻസികൾ, രാജ്യത്തെ വിവിധ ലോ എൻഫോഴ്സ്മെന്റ് ഏജൻസികൾ, എത്തിക്കൽ ഹാക്കർമാർ, രാജ്യത്തെ പ്രമുഖ ഐ.ടി കമ്പനികൾ എന്നിവരെ ഒരു പ്ലാറ്റ്ഫോമിൽ കൊണ്ടു വന്ന് സൈബർ സുരക്ഷാ ഭീഷണികളെ തടയുന്നതിലൂടെ സംസ്ഥാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഡിജിറ്റൽ അസറ്റുകളുടെ സൈബർ സുരക്ഷ ഉറപ്പു വരുത്തുന്നതിനും ഉള്ള ഒരു വിവര സാങ്കേതിക വിദ്യാകേന്ദ്രമായി പ്രവർത്തിക്കുകയാണ് സൈബർ ഡോം.

തിരുവനന്തപുരം ടെക്നോപാർക്കിലെ സൈബർഡോം ആസ്ഥാനത്തിനു പുറമേ സൈബർഡോം റീജിയണൽ വിംഗുകൾ കോഴിക്കോടും, കൊച്ചിയിലും ആരംഭിച്ചിട്ടുണ്ട്.

2018-ലെ ഏഷ്യാ പസഫിക് റീജിയണിലെ ഇൻഫർമേഷൻ സെക്യൂരിറ്റി ലീഡർഷിപ്പ് അവാർഡ് ഉൾപ്പെടെ 13 അവാർഡുകൾ സൈബർഡോമിന് ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ